"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അരിപ്പ ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന പോലീസ് വകുപ്പിലെ ഹവീൽദാരായ ശ്രീ.സത്യദാസ് വി.എസ്., ഹെഡ് കോൺസ്റ്റബിൾ ശ്രീ.ഷൈനാസ് ഒ. എന്നിവരുടെ അന്യത്ര സേവനകാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.**561/2025/F&WLD** തീയതി,തിരുവനന്തപുരം, **23-12-2025**

---

പരാമർശം:-
1. സ.ഉ(സാധാ)നം.**427/2022**/വനം തീയതി **10-10-2022.**
2. സ.ഉ(സാധാ)നം.**131/2024**/വനം തീയതി **13-03-2024.**
3. സ.ഉ(സാധാ)നം.**485/2024**/വനം തീയതി **11-11-2024.**
4. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ **20-11-2025** - തീയതിയിലെ ഇ7-**2752/2020** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അരിപ്പ ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിലെ ട്രെയിനിങ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് പോലീസ് വകുപ്പിലെ ഹവീൽദാരായ ശ്രീ.സത്യദാസ് വി.എസ്. **[PEN:638415]**, ഹെഡ് കോൺസ്റ്റബിൾ ശ്രീ.ഷൈനാസ് ഒ. **[PEN: 188430]** എന്നിവരെ ഒരു വർഷത്തേക്ക് നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി പരാമർശം **1** പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ടിയാന്മാരുടെ അന്യത്ര സേവന കാലാവധി പരാമർശം **(2)**, **(3)** പ്രകാരം തുടർന്നും ദീർഘിപ്പിച്ചു നൽകിയിരുന്നു. ടിയാന്മാരുടെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനായുള്ള ശിപാർശ പരാമർശം **(4)** കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. അന്യത്രസേവനം ദീർഘിപ്പിച്ചു നൽകുന്നതിനായുള്ള ജീവനക്കാരുടെ അപേക്ഷ, മാതൃവകുപ്പിന്റെ നിരാക്ഷേപ പത്രം എന്നിവ ശിപാർശയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഭരണ വിഭാഗം അഡീഷണൽ

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശിപാർശ പരിഗണിച്ച് അരിപ്പ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇൻസ്ട്രക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കുന്ന പോലീസ് വകുപ്പിലെ ഹവിൽദാർ ശ്രീ.സത്യദാസ് വി.എസ്. **[PEN:638415],** ഹെഡ് കോൺസ്റ്റബിൾ ശ്രീ.ഷൈനാസ് ഒ. **[PEN: 188430]** എന്നിവരുടെ അന്യത്ര സേവന കാലാവധി നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി **10-10-2025** മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാജി എ എം

അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (സംസ്ഥാന പോലീസ് മേധാവി മുഖാന്തരം).
ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ.
ഡയറക്ടർ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ, തിരുവനന്തപുരം, **691541.**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
Date: 23-12-2025 13:33:04

സെക്ഷൻ ഓഫീസർ